# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5687 :** **27.10.2011 ൽ മറുപടിയ്ക്ക്**

## അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട്

| ചോദ്യം. | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എൻ. പ്രതാപൻ: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) വ്യാവസായിക പരിശീലന വകുപ്പിന്റെ ഐ.ടി.ഐ. കളിലെ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലിലേയ്ക്ക് അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് (ഫീമെയിൽ) തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്ത് ഐ.ടി.ഐ. കളിൽ എത്ര സ്ഥലത്ത് വനിതാ ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ട്; അവ എവിടെയെല്ലാമാണ്; അവിടെ അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ടുമാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) സംസ്ഥാനത്ത് ഒരു ഐ.ടി.ഐ. യിലും വനിതാ ഹോസ്റ്റൽ പ്രവർത്തിക്കുന്നില്ല. |
| (സി) ട്രെയിനികൾക്കായുള്ള ഹോസ്റ്റൽ പ്രവർത്തനം ഇല്ലാത്ത ഐ.ടി.ഐ. കളിൽ അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ടുമാരെ ജോലി ചെയ്യാൻ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം നടപടികൾ പുന:പരിശോധിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) ഹോസ്റ്റൽ ഇല്ലാത്ത തിരുവനന്തപുരം ചാക്ക ഐ.ടി.ഐ. യിൽ ഹോസ്റ്റൽ സൂപ്രണ്ട് തസ്തികയിൽ ഒരാൾ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ പുന:ക്രമീകരണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ